ആഭ്യന്തരവും വിജിലൻസും വകപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ആരാധനാലയത്തിന്റെ ഇഷ്യൂ സംബന്ധിച്ച് ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്, അത് പരിഹരിക്കുന്നതാണ്. ജി.ഒ.(പി)നമ്പർ 217/2005/ഹോം, ഇത് സംസ്ഥാനത്ത് ആരാധനാലയങ്ങൾ നിർമ്മിക്കുന്നത് സംബന്ധിച്ച് ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന കാലത്ത് ഇറക്കിയ ഒരു ഗവൺമെന്റ് ഉത്തരവാണ്. ആ ഉത്തരവുപ്രകാരം മാത്രമേ നമുക്ക് മുന്നോട്ട് പോകാൻ സാധിക്കുകയുള്ളൂ. ആരാധനാലയങ്ങളെ സംബന്ധിച്ച് പല സ്ഥലത്തും തർക്കങ്ങൾ നിലവിലുണ്ട്. ആരാധനാലയം നിർമ്മിക്കുന്ന സ്ഥലം തമിഴ്നാട് അതിർത്തിയിലായതിനാലാണ് തമിഴ്നാട് കളക്ടറോട് അഭിപ്രായം ചോദിച്ചത്. 50000 സ്ക്വയർ ഫീറ്റുള്ള ഒരു സ്ഥാപനം നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇക്കാര്യത്തിൽ തദ്ദേശവാസികളുടെ പരാതിയെത്തുടർന്നാണ് പ്രശ്നമുണ്ടായത്. ഏതായാലും ചർച്ചകളിലൂടെ ഉടൻതന്നെ ഇതിന് പരിഹാരം കാണുന്നതാണ്.

10. കാൽനട യാത്രക്കാരുടെ സുരക്ഷ

ശ്രീ. ലൂഡി ലൂയിസ് : സർ, കാൽനട യാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്ന രീതിയിൽ റോഡ് വികസന പ്രവർത്തനങ്ങളും ഗതാഗത പരിഷ്കാരങ്ങളും ഫുട്പാത്ത് നവീകരണവും നടത്തണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. റോഡ് നിർമ്മാണത്തിൽ വലിയ മുന്നേറ്റങ്ങൾ നമുക്ക് സൃഷ്ടിക്കാൻ കഴിഞ്ഞെങ്കിലും കാൽനട യാത്രക്കാരുടെ സുരക്ഷയ്ക്ക് പ്രാധാന്യം നൽകുന്ന റോഡ് വികസനത്തിന് ഇനിയും നാം കൂടുതൽ ശ്രദ്ധ നൽകേണ്ടിയിരിക്കുന്നു. ഇന്ന് റോഡ് അപകടങ്ങളിൽ പെടുന്നവരിൽ 40 ശതമാനത്തോളം ആളുകൾ കാൽനട യാത്രക്കാരാണെന്ന് കണക്കാക്കപ്പെടുന്നു. ഇവരിൽ വലിയ പങ്ക് സ്ത്രീകളും കുട്ടികളുമാണ്. ഫുട്പാത്തുകളുടെ അപര്യാപ്തതയും ശോചനീയാവസ്ഥയും, തിരക്കുള്ള കവലകളിൽ മേൽനടപ്പാതകളും അടിപ്പാതകളുമില്ലാത്തതും നടപ്പാതകൾക്ക് കൈവരികളില്ലാത്തതും ആവശ്യത്തിന് സീബ്രാ ലൈനുകളും മുന്നറിയിപ്പ് ബോർഡുകളുമില്ലാത്തതും ഫുട്പാത്തുകളിൽ പരസ്യബോർഡുകൾ സ്ഥാപിക്കുന്നതും ഫുട്പാത്തിൽ കച്ചവടം നടത്തുന്നതും അലക്ഷ്യമായി കേബിളുകൾ തൂങ്ങിയവ വലിക്കുന്നതുമുൾപ്പെടെയുള്ള കാര്യങ്ങൾ കാൽനട യാത്രക്കാരുടെ സഞ്ചാരം ദുരിതപൂർണ്ണമാക്കുന്നു. മഴ ആരംഭിച്ചതോടെ വഴിയിൽ കെട്ടിക്കിടക്കുന്ന മലിനജലത്തിലൂടെയുള്ള കാൽനടയാത്ര ആയാസകരമായിരിക്കുന്നു. കേരളത്തിൽ കാൽനടയാത്രക്കാർക്ക് ഏറ്റവും സുരക്ഷിതമല്ലാത്ത സ്ഥലം കൊച്ചിയാണെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. പൊട്ടിപ്പൊളിഞ്ഞ സ്ലാബുകളും ഫുട്പാത്തുകൾ കച്ചവടത്തിനും പാർക്കിംഗിനുംവേണ്ടി കയ്യേറുന്നതും കാൽനടയാത്ര കഠിനമാക്കുന്നു. മികച്ച ഫുട്പാത്ത് രൂപകൽപ്പനയിലൂടെ മാത്രമേ ഇന്ന് കാൽനടയാത്രക്കാർ

LIBRARY ARCHIVES Kerala Legislative Assembly

അനുഭവിക്കുന്ന പ്രയാസങ്ങൾ ഒരു പരിധിവരെയെങ്കിലും കുറയ്ക്കാൻ സാധിക്കുകയുള്ളൂ. റോഡ് വികസനം ആസൂത്രണം ചെയ്യുമ്പോൾ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ ലഭ്യമായ പാർക്കിംഗിനും വഴിയോരകച്ചവടത്തിനുമുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനും അതോടൊപ്പം ഫുട്പാത്ത് നല്ല രീതിയിൽ നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, ദേശീയ പാത വികസന പദ്ധതികളിലും കെ.എസ്.ടി.പി.-യുടെ റോഡ് വികസന പദ്ധതികളിലും കേരള റോഡ് ഫണ്ട് ബോർഡ് മുഖേന നടപ്പാക്കുന്ന നഗര റോഡ് വികസന പദ്ധതികളിലും കാൽനട യാത്രക്കാരുടെ സുരക്ഷയ്ക്ക് മുന്തിയ പരിഗണനയാണ് നൽകിയിട്ടുള്ളത്. സംസ്ഥാനത്തെ പ്രധാന റോഡുകളിലെല്ലാം കാൽനട യാത്രക്കാരുടെ സുരക്ഷയ്ക്കായി വിവിധ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാതകൾ, ഗാർഡ് റെയിലുകൾ, സിഗ്നലുകൾ, പെഡസ്ട്രിയൽ ക്രോസിംഗ്, മാർക്കിംഗുകൾ, സ്റ്റോപ്പ് ലൈനുകൾ, ഹമ്പുകൾ, സൈൻ ബോർഡുകൾ എന്നിവ സ്ഥാപിച്ചുവരുന്നുണ്ട്. കൂടാതെ ആവശ്യമായ സ്ഥലങ്ങളിൽ അടിപ്പാതകൾ, മേൽപ്പാലങ്ങൾ, സംരക്ഷണ ഭിത്തികൾ എന്നിവയും നിർമ്മിച്ചുവരുന്നു. റോഡുകളിൽ അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പരസ്യബോർഡുകൾ, റോഡ് കയ്യേറ്റങ്ങൾ, ഫുട്പാത്ത് കയ്യേറിയുള്ള വഴിയോര കച്ചവടങ്ങൾ എന്നിവ ഒഴിപ്പിക്കുന്നതിന് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റോഡിന്റെ ഇരുവശങ്ങളിലുമുള്ള അപകടകരമായ മരങ്ങൾ മുറിച്ചുമാറ്റുന്നതിനും എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. ഉന്നയിച്ചതുപോലെ റോഡിൽ കാൽനട യാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി കേന്ദ്ര ഗതാഗത മന്ത്രാലയം നിഷ്കർഷിച്ചിട്ടുള്ള എല്ലാ സുരക്ഷാക്രമീകരണങ്ങളും ഏർപ്പെടുത്തുന്നതിന് സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

11. നീലേശ്വരം-പള്ളിക്കര റെയിൽവേ ഓവർ ബ്രിഡ്ജ്

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : കാസർഗോഡ് ജില്ലയിലെ നീലേശ്വരം മുനിസിപ്പാലിറ്റിയിലൂടെ കടന്നുപോകുന്ന നാഷണൽ ഹൈവേ 66-ൽ പള്ളിക്കര റെയിൽവേ ഗേറ്റിൽ ഓവർ ബ്രിഡ്ജ് പണിയണമെന്ന അഭ്യർത്ഥനയാണ് ഈ സബ്മിഷനിൽ കൂടി ഉന്നയിക്കുന്നത്. നാഷണൽ ഹൈവേ 66-ൽ പനവേൽ മുതൽ കന്യാകുമാരി വരെയുള്ള ഈ പാതയിൽ ആർ.ഒ.ബി. ഇല്ലാത്ത ഏക റെയിൽവേ ഗേറ്റാണ് പള്ളിക്കര റെയിൽവേ ഗേറ്റ്. മണിക്കൂറുകളോളം ഗേറ്റ് അടച്ചിടുന്നതുമൂലം രണ്ടുഭാഗത്തും വാഹന ഗതാഗതം തടസപ്പെടുകയും വാഹനങ്ങൾ വരിയായി നിൽക്കുകയും ചെയ്യുന്നതിന്റെ ഫലമായി യാത്രക്കാർക്ക് നടന്നു പോകാൻ പറ്റാത്ത രീതിയിൽ തടസപ്പെട്ടിരിക്കുകയാണ്. രണ്ട് സൈഡിലും നെൽവയലുകളാണ്.

LIBRARY ARCHIVES Kerala Legislative Assembly